# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.785** **08/01/2014-ൽ മറുപടിക്ക്**

## കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കാൻസർ കെയർ ഫോർ ലൈഫ് എന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; | (എ) | കാൻസർ കെയർ ഫോർ ലൈഫ് എന്ന പദ്ധതി ആർ.സി.സിയിൽ ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ; | (ബി) | നേരത്തെ കാൻസർ രോഗം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തവരും ഇപ്പോൾ കാൻസർ രോഗികൾ അല്ലാത്തവരുമായ ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതിയിൽ അംഗമാകാം. അംഗത്വം എടുത്ത് രണ്ടു വർഷത്തിനു ശേഷമാണ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുക. |
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ; | (സി) | പ്ലാൻ - A, പ്ലാൻ - B എന്ന രണ്ടു പ്ലാനുകളാണ് ഇപ്പോൾ ഈ പദ്ധതി പ്രകാരം ഉള്ളത്. ഈ പ്ലാനുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ താഴെപ്പറയുന്നു.<br>**<u>പ്ലാൻ - A</u>**<br>500 രൂപയുടെ അംഗത്വം എടുക്കുന്നവർക്ക് 50,000 രൂപയുടെയും,<br>1000 രൂപയുടെ അംഗത്വം എടുക്കുന്നവർക്ക് 1,00,000 രൂപയുടെയും,<br>1500 രൂപയുടെ അംഗത്വം എടുക്കുന്നവർക്ക് 1,50,000 രൂപയുടെയും,<br>2000 രൂപയുടെ അംഗത്വം എടുക്കുന്നവർക്ക് 2,00,000 രൂപയുടെയും ചികിത്സ ആർ.സി.സി.യിൽ നിന്നും സൗജന്യമായി ലഭിക്കുന്നു. |

| | | | |
|---|---|---|---|
| | | | കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ച് അംഗത്വം എടുക്കുന്ന പക്ഷം താഴെപറയും പ്രകാരം അംഗത്വഫീസിൽ ഇളവു നൽകുന്നതാണ്.<br>3 പേരടങ്ങുന്ന കുടുംബം - 100 രൂപ ഇളവ്<br>4 പേരടങ്ങുന്ന കുടുംബം - 300 രൂപ ഇളവ്<br>5 പേരടങ്ങുന്ന കുടുംബം - 500 രൂപ ഇളവ്<br>ഭാര്യയും ഭർത്താവും 18 വയസ്സിനു താഴെയുള്ള കുട്ടികളുമാണ് മേൽപ്പറഞ്ഞ ഇളവിന് അർഹതയുള്ളത്.<br>**<u>പ്ലാൻ - B</u>**<br>പ്ലാൻ -B പ്രകാരം 10,000/- രൂപയുടെ അംഗത്വം എടുക്കുന്നവർക്ക് 5,00,000/- (അഞ്ചു ലക്ഷം മാത്രം) രൂപയുടെ ചികിത്സയാണ് ലഭിക്കുക.<br>കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി പ്രകാരം ജീവിതത്തിൽ ഒറ്റത്തവണ മാത്രം പ്രീമിയം അടച്ചാൽ മതിയാകും. എന്നാൽ ഒരിക്കൽ അംഗമായാൽ ആജീവനാന്ത പരിരക്ഷ ലഭിക്കുകയും ചെയ്യും. |
| (ഡി) | കാൻസർ ചികിത്സയ്ക്കായി ഇപ്പോൾ എന്തെല്ലാം ചികിത്സാ ആനുകൂല്യ പദ്ധതികളും ഇൻഷുറൻസ് പദ്ധതികളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) | കാൻസർ ചികിത്സയ്ക്കായി ഇപ്പോൾ നിലവിലുള്ള ചികിത്സാ ആനുകൂല്യ പദ്ധതികളും ഇൻഷുറൻസ് പദ്ധതികളും താഴെപ്പറയുന്നവയാണ്.<br>1. 18 വയസ്സിനു താഴയുള്ളവർക്കുള്ള കാൻസർ സുരക്ഷാ പദ്ധതി<br>2. കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം രണ്ടു ലക്ഷം രൂപയുടെ ചികിത്സാ സഹായം.<br>3. സമഗ്ര ആരോഗ്യ ഇൻഷുറൻസ് (CHIS+) പ്രകാരം BPL വിഭാഗക്കാർക്ക് 70,000/- രൂപയുടെ സൗജന്യ ചികിത്സ.<br>4. പാവപ്പെട്ട കാൻസർ രോഗികൾക്ക് പ്രതിമാസ പെൻഷൻ (800 രൂപ)<br>5. കേരള ആരോഗ്യ വകുപ്പിന്റെ "മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ" എന്ന പദ്ധതി പ്രകാരം 10,000/- രൂപയുടെ ധനസഹായം. |

| | | | |
|---|---|---|---|
| | | | 6. പട്ടിക വർഗ്ഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ.<br>7. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാൻസർ രോഗികൾക്കുള്ള ധനസഹായം.<br>8. റീജിയണൽ കാൻസർ സെന്ററിന്റെ കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി പ്രകാരം അംഗങ്ങൾ ആയിട്ടുള്ളവർക്ക് അർഹമായ സൗജന്യ ചികിത്സ.<br>9. താലോലം പദ്ധതി.<br>10. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം.<br>11. ഇ.എസ്.ഐ. പദ്ധതി |

സെക്ഷൻ ഓഫീസർ